മാധ്യമം 28 March 2022

# സി.എം.എഫ്.ആർ.ഐയുടെ കൂടുമത്സ്യകൃഷിക്ക് തൊഴിൽശ്രേഷ്ഠ അംഗീകാരം

**● കണ്ണൂർ ജില്ലയിലെ പി.എം. ദിനിൽ പ്രസാദാണ് മത്സ്യമേഖലയിൽനിന്ന് പുരസ്കാരത്തിന് അർഹനായത്**

**കൊച്ചി:** കൂടുമത്സ്യകൃഷി ജനകീയമാക്കാനുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) പ്രവർത്തനങ്ങൾക്ക് അംഗീകാരമായി സംസ്ഥാന സർക്കാറിന്റെ തൊഴിൽശ്രേഷ്ഠ പുരസ്കാരം.

സ്ഥാപനത്തിനു കീഴിൽ കൂടുമത്സ്യകൃഷി ആരംഭിച്ച കണ്ണൂർ ജില്ലയിലെ പി.എം. ദിനിൽ പ്രസാദാണ് മത്സ്യമേഖലയിൽനിന്ന് ഈ പുരസ്കാരത്തിന് അർഹനായത്. കൂടുമത്സ്യകൃഷിയിൽ ആകൃഷ്ടനായതോടെ കരസേനയിലെ ജോലി വിട്ട് 2018ലാണ് പിണറായി സ്വദേശി ദിനിൽ സി.എം.എഫ്ആർ.ഐയുടെ പദ്ധതിയിൽ അംഗമാകുന്നത്. ആഭ്യന്തര മത്സ്യോൽപാദനം കൂട്ടുകയെന്ന ലക്ഷ്യത്തോടെ കേരളത്തിൽ 500 കൂടുമത്സ്യകൃഷി യൂനിറ്റുകൾക്ക് തുടക്കമിട്ടപ്പോൾ ആദ്യ മത്സ്യക്കൂട് ലഭിച്ചത് ദിനിൽ പ്രസാദിനായിരുന്നു. നാഷനൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻ.എഫ്.ഡി.ബി) സാമ്പത്തിക സഹായത്തോടെ സബ്സിഡി നൽകിയാണ് പദ്ധതി തുടങ്ങിയത്.

സി.എം.എഫ്.ആർ.ഐയുടെ സാങ്കേതിക പരിശീലനവും മേൽനോട്ടവും ലഭിച്ചതോടെ മൂന്നര വർഷത്തിനുള്ളിൽതന്നെ കൂടുമത്സ്യകൃഷിയിൽ വൻനേട്ടം സ്വന്തമാക്കാനായതാണ് ദിനിലിനെ ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്കാരത്തിന് അർഹനാക്കിയത്. ഏഴ് കൂട്ടിലായി കരിമീൻ കൃഷിയും കരിമീൻ വിത്തുൽപാദനവും ചെയ്യുന്നതോടൊപ്പം കൂടുമത്സ്യകൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സാങ്കേതിക സഹായവും ദിനിൽ നൽകുന്നു. നാല് മീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള ഏഴ് കൂട്ടിലായി 7000 കരിമീൻ കുഞ്ഞുങ്ങളെയാണ് കൃഷി ചെയ്യുന്നത്. ഓരോ കൂട്ടിൽനിന്നും ശരാശരി 150 കിലോ കരിമീനാണ് ഒരു വർഷം വിളവെടുക്കുന്നത്. ദിനിലിന്റെ സഹായത്തോടെ 75 കൂടുമത്സ്യകൃഷി യൂനിറ്റ് മലബാറിലെ വിവിധ സ്ഥലങ്ങളിൽ നടന്നുവരുന്നുണ്ട്.ഡോ. ഇമൽഡ ജോസഫിന്റെ നേതൃത്വത്തിലെ സി.എം.എഫ്.ആർ.ഐയിലെ മാരികൾച്ചർ വിഭാഗത്തിന്റെ പിന്തുണയോടെയാണ് 28 വയസ്സുള്ള ദിനിൽ പ്രസാദ് കൂടുമത്സ്യകൃഷി രംഗത്ത് സംരംഭകനായത്.